**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ *അനങ്ങനടി* ഗ്രാമപഞ്ചായത്തിൽ കാലാവധിയ്ക്കു ശേഷവും കുടിവെള്ള വിതരണം ചെയ്ത നടപടി സാധുകരിച്ചും അധികമായി ചിലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.**1187/2025/LSGD**തീയതി,തിരുവനന്തപുരം, **14-05-2025**

---

പരാമർശം:- **1. 16.03.2022-** ലെ സ.ഉ(സാധാ)**652/2022**/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

**2. 30.01.2025** ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ **4.60** നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ മേയ് **31** നു ശേഷവും കുടിവെള്ളവിതരണം ചെയ്യേണ്ട സാഹചര്യം നിലവിലുണ്ടായിരുന്നതിനാൽ അനങ്ങനടി ഗ്രാമ പഞ്ചായത്തിന്റെ **30/05/2022** ലെ ഭരണസമിതി തീരുമാന പ്രകാരം ജൂൺ മാസത്തിലും (**01/05/2022** മുതൽ **30/06/2022** വരെ) ശ്രീ. മുകേഷ് വി. കെ. വാട്ടർകുഴി എന്ന കരാറുകാരൻ മുഖേന ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ചെയ്തു. മെയ് മാസത്തെ തുക ഉൾപ്പെടെ കുടിവെള്ള വിതരണത്തിനായി ചെലവഴിച്ച തുകയായ **4,09,500/-** രൂപയിൽ **1,79,000/-** രൂപ തനതു ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും, ബാക്കി തുകയായ **2,30,500/-** രൂപ കരാറുകാരന് തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനു അനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അനങ്ങനടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിരുന്ന അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശുപാര്ശ ചെയ്തു സമർപ്പിച്ചിരുന്നു. ടി ആവശ്യം **31.01.2025** -ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പരാമർശം (**2**) പ്രകാരം തീരുമാനമാകുകയുമുണ്ടായി.

(**2**) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും വികേന്ദ്രീകൃതാസൂത്രണ

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ **30.01.2025** - ലെ യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പരാമർശം **(1)** ഉത്തരവിലെ നിർദ്ദിഷ്ട തീയതിക്കുശേഷവും, **2022** ജൂൺ **01** മുതൽ ജൂൺ **30** വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണം ചെയ്ത നടപടി സാധുകരിച്ചു നൽകി കൊണ്ടും, പ്രസ്തുത കാലയളവിൽ കുടിവെള്ള വിതരണത്തിന് കരാറുകാരന് നൽകുവാനുള്ള ബാക്കി തുകയായ **2,30,500/-** (രണ്ട് ലക്ഷത്തിൽ മുപ്പതുനായിരത്തി അഞ്ഞുറു രൂപ മാത്രം) രൂപ, ചിലവ് ആധികാരികത അനങ്ങനടി ഗ്രാമപഞ്ചായത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്നും പരാമർശിത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനങ്ങനടി ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHEEJA R S**

ജോയിന്റ് സെക്രട്ടറി

പകർപ്പ്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, അനങ്ങനടി ഗ്രാമ പഞ്ചായത്ത് , പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ1/ ആഡിറ്റ് 2) കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Shaija R M
Date: 14-05-2025 16:21:57